# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3465

23.06.2014-ൽ മറുപടിയ്ക്ക്

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങളുടെ നിരക്ക്

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ. കെ. വി. വിജയദാസ് | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിൽ അതിക്രമങ്ങളുടെ നിരക്ക് ഗണ്യമായി കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ; | (എ) ഉണ്ട്. 2011, 2012, 2013 വർഷങ്ങളിൽ പട്ടികജാതിപട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. 2011 ൽ 992 കേസ്സുകളും 2012 ൽ 934 കേസ്സുകളും 2013 ൽ 891 കേസ്സുകളുമാണ് ആകെ രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (ബി ) | ഇക്കാര്യത്തിൽ വിശദമായ ഒരു പഠനം നടത്തുന്നതിന് തയ്യാറാകുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ; | (ബി ) പട്ടികജാതിപട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ ശ്രദ്ധയിൽപെട്ടാൽ കുറ്റക്കാർക്കെതിരെ കർശനമായ നിയമനടപടികളാണ് പോലീസ് സ്വീകരിച്ചുവരുന്നത്. കൂടാതെ, ആദിവാസി മേഖലകളിൽ കൂടുതൽ പോലീസ് സാന്നിദ്ധ്യവും ജനമൈത്രി പോലീസിന്റെ പ്രവർത്തനവും ഉറപ്പുവരുത്തിയിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ് ഇവർക്കെതിരെയുള്ള കുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ കുറവ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് മനസ്സിലാക്കുന്നു. |

| | | | |
|---|---|---|---|
| ( സി ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അതിക്രമങ്ങൾ തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകളിലെ അതിക്രമങ്ങളുടെ നിരക്ക് എത്രയെന്ന് വ്യക്തമാക്കുമോ ? | ( സി ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അതിക്രമങ്ങൾ തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br>**18.05.2011 മുതൽ 31.12.2011 വരെ - 632**<br>**2012 - 934**<br>**2013 - 891**<br>**2014 മെയ് വരെ - 409** |

**സെക്ഷൻ ഓഫീസർ**